ഹയർ സെക്കൻഡറി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംങ് ബോർഡ്
ബിൽഡിംങ്, ശാന്തി നഗർ,
തിരുവനന്തപുരം.

എസിഡി.എസ്പിസി (3)/119422/2018/എച്ച്എസ്ഇ                തീയതി: 05/07/2018

## സർക്കുലർ

വിഷയം : എച്ച്.എസ്.ഇ. - സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും - പരിശീലന പദ്ധതി - സംബന്ധിച്ച്.

സൂചന : അച്ചുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് -ൽ നിന്നും ലഭിച്ച 27/06/2018 ലെ കത്ത്.

കേരള ഹെൽത്ത് സയൻസ് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിസ്റ്റൂട്ട് ഫോർ മെഡിക്കൽ സയൻസ് ടെക്നോളജി-യുടെ ഭാഗമായി പ്രവർത്തിക്കുന്ന അച്ചുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് നടപ്പിലാക്കുന്ന സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും (Prevention and Control of Non-Communicable Diseases) പരിശീലന പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകുന്നതിലേയ്ക്ക് അദ്ധ്യാപകർക്ക് ജൂലൈ മാസം മുതൽ പരിശീലനം നൽകുന്നുണ്ടെന്നും ഈ പദ്ധതിയുടെ വിജയത്തിനായി സ്കൂൾ തലത്തിൽ നിന്നുമുള്ള സഹകരണങ്ങൾ ഉണ്ടാകണമെന്നും സൂചന കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു.

ഈ പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് പ്രിൻസിപ്പൽമാർ നൽകേണ്ടതും പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സ്കൂൾതല സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

ഒപ്പ്
**ഡയറക്ടർ**